**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2207** **05-02-2026 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് സമഗ്ര റഫറൽ പ്രോട്ടോക്കോൾ പുറപ്പെടുവിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ തിരക്ക് അനിയന്ത്രിതമായി വർദ്ധിച്ചു വരുന്ന കാര്യം പ്രത്യേകമായി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മെഡിക്കൽ കോളേജുകളുടെ ജോലി ഭാരം കുറയ്ക്കുവാനും രോഗികൾക്ക് അവരുടെ തൊട്ടടുത്തുള്ള ആശുപത്രികളിൽ തന്നെ മികച്ച ചികിത്സ ഉറപ്പാക്കുന്നതിനുമുള്ള സമഗ്ര റഫറൽ പ്രോട്ടോക്കോൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | 09.11.2025 ലെ സ.ഉ(കൈ) നം. 392/2025/ ആ.കു.വ പ്രകാരം റഫറൽ പ്രോട്ടോക്കോൾ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | റഫറൽ, ബാക്ക് റഫറൽ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതോടെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള പ്രധാന ആശുപത്രികളിലെ രോഗികളുടെ ബാഹുല്യം കുറയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; | (സി) | റഫറൽ, ബാക്ക് റഫറൽ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതോടെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള പ്രധാന ആശുപത്രികളിലെ രോഗികളുടെ ബാഹുല്യം കുറയ്ക്കാൻ സാധിക്കുന്നതാണ്. |
| (ഡി) | ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;? | (ഡി) | ആർദ്രം പദ്ധതി പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി പ്ലാൻ ഫണ്ട്, NHM, കിഫ്ബി , നബാർഡ് മറ്റ് ഫണ്ടുകൾ ഉപയോഗിച്ചിട്ടുള്ള വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി രോഗികളുടെ സാന്ദ്രത, നിലവിലുള്ള ജീവനക്കാരുടെ ലഭ്യത, സേവനകേന്ദ്രങ്ങളുടെ പ്രവർത്തനക്ഷമത തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തി ഗ്യാപ് അനാലിസിസ് നടത്തി ഘട്ടം ഘട്ടമായി തസ്തികകൾ സൃഷ്ടിച്ചു വരുന്നു. 2016 മുതൽ നാളിതുവരെ ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികളിലായി 336 സ്പെഷ്യാലിറ്റി / സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ |

| | | | |
|---|---|---|---|
| | | | തസ്തികകൾ അടക്കം ആരോഗ്യവകുപ്പിൽ 4532 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ